പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1277** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ഭൂമിയിലെ അനധികൃത കൈയേറ്റങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്യുതൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സർക്കാർ ഭൂമിയിലെ അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ജില്ലാതലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സർക്കാർ ഭൂമിയിൽ അനധികൃത കൈയ്യേറ്റം ബോധ്യപ്പെടുന്ന പക്ഷം കേരള ലാൻഡ് കൺസർവൻസി ആക്ട് - 1957 പ്രകാരമാണ് നടപടി സ്വീകരിക്കുന്നത്. കൈയ്യേറ്റം ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ ഭൂസംരക്ഷണ ചട്ടങ്ങളിലെ അനുബന്ധത്തിലുള്ള എ ഫാറത്തിൽ റിപ്പോർട്ടും, ഭൂമിയുടെ സ്കെച്ച്, പ്ലോട്ടഡ് സകെച്ച്, കൈയ്യേറ്റത്തിന്റെ സ്വഭാവം, കാലാവധി, ദേഹണ്ഡങ്ങളുടെ പ്രായം, വില തുടങ്ങി കൈയ്യേറ്റത്തിന്റെ പൂർണ്ണ വിവരങ്ങൾ അടങ്ങിയ ഒരു മഹസ്സറും തയ്യാറാക്കി ബന്ധപ്പെട്ട കളക്ടർക്ക് സമർപ്പിക്കുന്നു. തുടർന്ന് തഹസിൽദാർ കൈയ്യേറ്റ കക്ഷിക്ക് B Form നോട്ടീസ് നൽകി കക്ഷികളെ കേട്ട് റിക്കാർഡുകൾ പരിശോധിച്ച് തീരുമാനം എടുക്കുന്നു. കൈയ്യേറ്റം ബോധ്യപ്പെട്ടാൽ അനധികൃത കൈയ്യേറ്റം ഒഴിഞ്ഞു പോകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു. അതിനോടൊപ്പം കൈയ്യേറ്റ ഭൂമി ഒഴിഞ്ഞു പോകുന്നതിനുള്ള C Form നോട്ടീസും, നേരിൽ കേട്ടതിനെ സംബന്ധിച്ച വിശദമായ നടപടി ക്രമവും നൽകുന്നു.

**(ബി)** തോട്ടം മേഖലയിൽ ഉൾപ്പെടെ പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഭൂമി വിട്ടുനൽകാത്ത കേസുകളിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഭൂമി വിട്ടുനൽകാത്ത കേസുകളിൽ പാട്ടം റദ്ദ് ചെയ്യുന്നതിനും നിലവിലുള്ള ചട്ടപ്രകാരം ഒഴിപ്പിക്കൽ നടപടികളും കേരള ഭൂസംരക്ഷണ നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. M/s ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി കോട്ടയം, പത്തനംതിട്ട, കൊല്ലം, ഇടുക്കി, തിരുവനന്തപുരം, വയനാട് ജില്ലാ കളക്ടർമാർ 40 സിവിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലും അത്തരം കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

**(സി)** സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനായി ഡിജിറ്റൽ ലാൻഡ് ബാങ്ക് സംവിധാനം ശക്തിപ്പെടുത്തുമോ; സർക്കാർ ഭൂമിയുടെ വിവരങ്ങൾ കൂടുതൽ സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് (കെഎസ്എൽബി) ശേഖരിച്ച ഭൂമി രേഖകളുടെയും കേന്ദ്രീകൃത ഡാറ്റാ ബേസ് അടിസ്ഥാനപ്പെടുത്തി ഇ-ഗവേർണൻസിന്റെ ഭാഗമായി ഭൂരേഖ കമ്പ്യൂട്ടർവത്കരണവും ഭൂരേഖ നാളതീകരണവും ഡിജിറ്റൽ സർവേയും ചെയ്യുന്ന Integrated Land Information Management System (ILIMS), Ente Bhoomi എന്നീ സംവിധാനങ്ങൾ RELIS ഡാറ്റയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. 2025 ജനുവരിയിലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് നടന്നു വരുന്ന ഡിജിറ്റൽ സർവേയുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള പോർട്ടലായ എന്റെ ഭൂമി -യുടെ കീഴിലുള്ള ഫീൽഡ് സർവേകൾ ലാൻഡ് ബാങ്കിനെ കഡാസ്ട്രൽ മാപ്പുകൾ, ഉടമസ്ഥാവകാശ രേഖകൾ, ബ്ലോക്ക് ചെയിൻ സുരക്ഷിത ഇടപാടുകൾ എന്നിവയുമായി സംയോജിപ്പിക്കൽ - സംസ്ഥാനവ്യാപകമായി 1550 വില്ലേജുകൾ എന്ന നാല് വർഷത്തെ ലക്ഷ്യത്തിൽ 230 വില്ലേജുകളിൽ ഇതിനോടകം പൂർത്തിയായിട്ടുള്ളതാണ്. 228 വില്ലേജുകളിൽ ഡിജിറ്റൽ സർവേ നടപടികൾ അന്തിമ ഘട്ടത്തിലുമാണ്.

**സെക്ഷൻ ഓഫീസർ**